# എഫെസ്യർ
# ഒരു മുഖവുര

എഫെസ്യ ലേഖനത്തെ "ബൈബിളിൽ വെച്ച് ഏറ്റവും പ്രമുഖമായ പുസ്തകം"[1] എന്നാണ് പറയുന്നത്. മറ്റു പുസ്തകങ്ങൾ, ഉദാഹരണമായി റോമർ തുടങ്ങിയവ അത്തരം വിലയിരുത്തലിൽ മാറ്റി നിർത്താവുന്നതാണ്. ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തിൽനിന്നു കൂറച്ചല്ല എഫെസ്യർ കൈകാര്യം ചെയ്യുന്നത് എന്നതിനാൽ അങ്ങനെ അവകാശപ്പെടുന്നതിൽ തെറ്റില്ല.

### ലേഖകൻ

**ആന്തരിക തെളിവ്**

"ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസും," (1:1) "ക്രിസ്തുയേശുവിന്റെ ബദ്ധനായ പൗലൊസും ..." (3:1) തന്നെയാണ് എഫെസ്യ ലേഖനത്തിന്റെ കർത്താവ്. പൗലൊസിന്റെ മറ്റു ലേഖനങ്ങളിലെ ഘടനാ ശൈലിയാണ് മുഖവുരയിൽ വന്ദനവും മുഖ്യ ഘടനയിൽ തന്റെ പേർ പറയുക എന്നതും.[2] ഒന്നാം വ്യക്തിയുടെ പ്രസ്താവനകളാണ് എഫെസ്യ ലേഖനത്തിലധികവും, അത് വായനക്കാരെ *സ്വയം-വരച്ചു* കാണിക്കുന്നതാണ്:

> വായനക്കാർക്കുള്ള വിശ്വാസവും, അവർക്ക് മറ്റു ക്രിസ്ത്യാനികളോടുള്ള സ്നേഹവും അവൻ കേട്ടിരുന്നു [1:15]; അവർക്ക് വേണ്ടി അവൻ വ്യക്തിപരമായി ദൈവത്തിന്നു സ്തോത്രം പ്രകടിപ്പിക്കുന്നു [1:16]; യേശുക്രിസ്തുവിന്റെ ബദ്ധനായിട്ടാണ് അവനെ പറ്റി പറയുന്നത് [3:1; 4:1]; തനിക്കു ലഭിച്ച വെളിപ്പാട് അവൻ സ്വയമായി എഴുതുന്നു എന്നു കാണിക്കുന്നു [3:3-6]; താൻ ശുശ്രൂഷക്ക് ദൈവത്താൽ നിയമിതനായി എന്നു വെളിപ്പെടുത്തിയിരിക്കുന്നു [3:7]; തന്റെ വർത്തമാനകാല കഷ്ടതയിൽ മനസ് തകർന്നുപോകരുത് എന്ന് അവൻ വായനക്കാരെ പ്രബോധിപ്പിക്കുന്നു [3:13]; അവർക്കുവേണ്ടി വാദിക്കുന്ന മനോഭാവമാണ് അവന്റേതെന്നു തോന്നുന്നു [3:14-19]; ജാതികളുടെ അജ്ഞതയും ദുർന്നടപ്പും ഉപേക്ഷിച്ച് പുതിയ ജീവിത ശൈലി സ്വീകരിക്കേണ്ട ആവശ്യകതയെയും അവൻ തന്റെ വായനക്കാരെ ബോധ്യമാക്കുന്നു [4:17-19]; "മർമ്മത്തെ" കുറിച്ചുള്ള തന്റേതായ വ്യാഖ്യാനവും നൽകുന്നു [5:32]; ചങ്ങലയാൽ ബന്ധിക്കപ്പെട്ട തനിക്ക് സംസാരിക്കുവാൻ ധൈര്യം ലഭിക്കേണ്ടതിന്നായി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു [6:19]; വ്യക്തിപരമായ വന്ദനത്താലാണ് അവസാനിപ്പിക്കുന്നത് [6:21, 22]. ലേഖകനും വായനക്കാരനുമായുള്ള തുടർ ബന്ധം പൗലൊസിനെ തിരിച്ചറിയുവാൻ മതിയായതാണ്. തീർച്ചയായും അവന്റെ മറ്റു ലേഖനങ്ങളിൽ അവനെ കാണുന്നതുമായി ഇതു തികച്ചും യോജിക്കുന്നു.[3]

തന്റെ മറ്റു ലേഖനങ്ങളിലെ മാതൃകയാണ് പൗലൊസ് ഇതിൽ പിൻപറ്റിയിരിക്കുന്നത്, സ്തോത്രത്തോടെ ആരംഭിച്ച്, ഉപദേശ ഭാഗങ്ങളിലേക്ക്

കടന്ന്, പ്രായോഗിക പ്രയോജനപ്പെടുത്തലും, പ്രബോധനങ്ങളും, വ്യക്തിപരമായ കാര്യങ്ങളും ഉൾപ്പെടുത്തിയാണ് അവസാനിപ്പിക്കുന്നത്. ഭാഷയും പൗലൊസിന്റേതാണ്. "മറ്റു ലേഖനങ്ങളിൽ പൗലൊസ് പറഞ്ഞിരിക്കുന്നതുപോലെയാണ് ഓരോ വാചകത്തിലും ക്രിയകൾ ഉപയോഗിച്ചിരിക്കുന്നത്."[4] ഉദാഹരണമായി, എഫെസ്യ ലേഖനത്തിലെ 155 വാക്യങ്ങളിൽ, 78 ലും കാണപ്പെടുന്ന വാക്യങ്ങളിലുള്ളതാണ് വിവിധ രീതിയിൽ കൊലൊസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്.[5] പൗലൊസിന്റെ സാക്ഷ്യാലുള്ള ലേഖനമാണ് കൊലൊസ്യ ലേഖനമെന്നും, പൗലൊസാണ് ആ രണ്ടു ലേഖനങ്ങളും എഴുതിയതെന്നും മിക്ക പണ്ഡിതന്മാരും സമ്മതിക്കും.

### ബാഹ്യമായ തെളിവ്

ചാൾസ് സ്മിത്ത് ലൂയിസ് എഴുതി, "നമുക്ക് അറിയാവുന്നേടത്തോളം പൗലൊസിന്റെ മറ്റു ലേഖനങ്ങളേക്കാളധികം ശക്തമായ തെളിവ് ... അവയുടെ പ്രാരംഭ ഉപയോഗത്തെ കുറിച്ച് നൽകുന്നത് എഫെസ്യലേഖനത്തിലാണ്"[6] ക്രിസ്തീയ യാഥാസ്ഥിതികരും നാസ്തികരുമെന്ന് അറിയപ്പെട്ടിരുന്നവർക്കിടയിൽ ലേഖനം വിപുലമായി വിതരണം ചെയ്യപ്പെട്ടിരുന്നു എന്നു തോന്നുന്നു.

> "ലവഡോഷ്യർ" എന്ന പേരിലാണെങ്കിലും, മാർഷ്യൻ കാനോനിൽ ഔപചാരികമായി ഉൾപ്പെടുത്തിയിരുന്നു (സി. ഏ. ഡി. 140). അതുകൊണ്ട്, ആ സമയത്ത് പൗലൊസിനാൽ ആരംഭിച്ചത്, മാർഷ്യൻ സമ്മതിച്ചതിനാൽ, അവന്റെ അധികാരം അപ്പൊസ്തലനായിരുന്നു എന്നത് തർക്കമറ്റതായി കണ്ടിരുന്നു. മാരട്ടോറിയൻ കാനോനിൽ (സി. ഏ. ഡി. 180-ൽ). അത് അപ്പൊസ്തലന്റെ ലേഖനത്തിലും ഉൾപ്പെടുത്തിയിരുന്നു. ലാറ്റിൻ, സുറിയാനി ഭാഷകളിലെ തർജിമകളിൽ പൗലൊസിന്റെ ലേഖനത്തിലെ തെളിവുകൾ ഒരു ഭാഗമായി എടുത്തിരുന്നു ... അതിലെ ഓർമ്മിപ്പിക്കുന്ന ഭാഷയാണ് ക്ലെമെന്റ് ഓഫ് റോം, ഇഗ്നേഷ്യസ്, പോളികാർപ്, ഹെർമാസ്, എന്നിവരുടേയും ഒരുപക്ഷെ ഡിഡാക്കെയുടേയും എഴുത്തുകളിലുള്ളത്.[7]

### എതിർപ്പുകൾ

പത്തൊമ്പതാം നൂറ്റാണ്ടിലെ സംശയാലുക്കളുടെ വിമർശനങ്ങൾ ഉയരുന്നതുവരെ എഫെസ്യലേഖനത്തിന്റെ ലേഖകൻ പൗലൊസ് ആണെന്ന കാര്യത്തിൽ ഒരു സംശയവും ഉദിച്ചിരുന്നില്ല.[8] പൗലൊസ് ആണ് ലേഖകൻ എന്ന കാര്യത്തിലെ എതിർപ്പുകളെ ആറായി തരം തിരിക്കാം.[9]

(1) "അവൻ അത് എഴുതിയിട്ടില്ല എന്നു തെളിയിക്കുന്ന നാൽപത്തി-രണ്ട് പ്രത്യേക വാക്കുകൾ പുസ്തകത്തിലുണ്ട്." എങ്ങനെയായാലും, അവനു തിരിച്ചറിവുള്ള ലേഖനങ്ങളിൽ പൗലൊസ് പ്രത്യേക വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. ഒരാൾ ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ചുള്ള തെളിവുകളും സഭയെ കുറിച്ചും രണ്ട് ലേഖനങ്ങൾ എഴുതുകയാണെങ്കിൽ, അയാൾ വ്യത്യസ്ത വാക്കുകൾ ഉപയോഗിക്കും. തന്റെ ലേഖനങ്ങൾ എഴുതുവാൻ പൗലൊസിനു വ്യത്യസ്ത ഉദ്ദേശങ്ങൾ ഉണ്ടായിരുന്നതുകൊണ്ട്, അവൻ വിവിധ വാക്കുകൾ അത് പ്രകടിപ്പിക്കുവാൻ ഉപയോഗിക്കും.

(2) "ഈ ലേഖനത്തിൽ, 'മർമ്മം,' 'കാര്യവിചാരണ,' 'അവകാശങ്ങൾ' എന്നിവയുടെ പുതിയ അർത്ഥങ്ങളാണ് വ്യക്തമാക്കിയിരിക്കുന്നത്." ഈ ആരോപണം സംശയാസ്പദമാണ്; പക്ഷെ അത് വാസ്തവമാണെങ്കിൽ പോലും, പൗലൊസ് ഒരേ വാക്ക് ഒരേ രീതിയിൽ തന്നെ എപ്പോഴും ഉപയോഗിച്ചിട്ടില്ല.

(3) "3:5-ൽ പറഞ്ഞ "വിശുദ്ധ അപ്പൊസ്തലന്മാരും പ്രവാചകന്മാരും" എന്ന വാക്കുകൾ (2:20; 4:11 മായി താരതമ്മ്യം ചെയ്യുക) സൂചിപ്പിക്കുന്നത്, ലേഖകൻ ക്രിസ്ത്യാനികളുടെ രണ്ടാമത്തെ തലമുറയിൽ ഉൾപ്പെട്ടിരുന്നു എന്നും, അവർ അപ്പൊസ്തലന്മാരെ ആദരിച്ചിരുന്നു എന്നുമാണ്." എങ്ങനെയായാലും, പൗലൊസ് തന്നെയും, എഫെസ്യരെയും ഉൾപ്പെടുത്തിയാണ് "വിശുദ്ധന്മാർ" അല്ലെങ്കിൽ "വിശുദ്ധർ" എന്നു പറഞ്ഞത് (3:8).

(4) "എഫെസ്യ ലേഖനത്തിൽ അവസാനം വ്യക്തിപരമായ വന്ദനം ഇല്ല." അത് അർത്ഥമാക്കുന്നത് ലേഖനം വിവിധ സഭകളിൽ വിതരണം ചെയ്യുന്നതിനുള്ളതാണ് എന്നത്രെ.

(5) "പ്രാദേശിക ഇടവക, ഇടവകകൾ എന്നു പറയുന്നതിനു പകരം '*ഏക* സഭ' എന്നാണ് പറഞ്ഞിരിക്കുന്നത് (5:23-32)." അത് പൗലൊസിനെ സംബന്ധിച്ച് അസാധാരണമാണെങ്കിലും, ലേഖനങ്ങൾ എത്തിച്ചേരരേണ്ട സ്ഥാനവുമായി അതു യോജിക്കുന്നതാണ്.

(6) "പൗലൊസിന്റേ-തല്ലാത്ത ലേഖനങ്ങളിലെ സാമ്യങ്ങളുണ്ട്." അത് പൗലൊസ് എഫെസ്യ ലേഖനം എഴുതിയിട്ടില്ല എന്നു തെളിയിക്കുന്നില്ല കാരണം, ഒരേ വിഷയത്തെ കുറിച്ച് വ്യത്യസ്തരായ ലേഖകന്മാർ എഴുതുമ്പോൾ ചിലപ്പോൾ ഒരേ ഭാഷ ഉപയോഗിക്കും.

ചുരുക്കത്തിൽ, ചിലപ്പോൾ പൗലൊസ് തന്റെ സന്ദേശങ്ങൾ എഴുതുവാനായി ഒരു ശാസ്ത്രിയെ ഉപയോഗിച്ചിരിക്കാം,[10] പുതിയനിയമത്തിൽ പൗലൊസിന്റെ പേരിൽ അറിയപ്പെടുന്ന ലേഖനങ്ങൾ മറ്റാരെങ്കിലും എഴുതിയതായി തെളിവുകളൊന്നുമില്ല. ക്രിസ്ത്യാനിത്വത്തിന്റെ ആരംഭ വർഷങ്ങളിൽ പല വ്യാജ രേഖകളും എഴുതപ്പെട്ടിരിക്കുന്നു,[11] എന്നാൽ സ്വയം-സാക്ഷീകരിക്കുന്ന പൗലൊസിന്റെ എഫെസ്യ ലേഖനം, പൗലൊസ് തന്നെയാണ് എഴുതിയതെന്ന് സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ടിരിക്കുകയാണ്.

## എഴുതിയ സ്ഥലവും തീയതിയും

പൗലൊസ് രണ്ട് പ്രാവശ്യം റോമിൽ തടവിലായിരുന്നു എന്ന് പൊതുവിൽ പണ്ഡിതന്മാരെല്ലാവരും സമ്മതിക്കും. പൗലൊസ് റോമിൽ വീട്ടുതടങ്കലിലായിരുന്നു എന്നു പറഞ്ഞുകൊണ്ട് ഏ. ഡി. 62-ൽ പ്രവൃത്തികളുടെ പുസ്തകം അവസാനിപ്പിക്കുന്നത്, അവിടെ അവൻ രണ്ട് വർഷം തടവിലായിരുന്നു (പ്രവൃ. 28:16-31). പൗലൊസിനു മിഷ്ണറി പ്രവർത്തനം നടത്തുവാനും എഴുതുവാനും സ്വാതന്ത്ര്യം ഉണ്ടായിരുന്നതായി പ്രവൃത്തികളുടെ പുസ്തകം തെളിയിക്കുന്നു.

ഒന്നാമത്തെ അവന്റെ റോമൻ തടവിൽ വെച്ച് എഴുതപ്പെട്ടവയെ "ബന്ധന ലേഖനങ്ങൾ," അല്ലെങ്കിൽ "തടവ് ലേഖനങ്ങൾ" എന്നാണ് അറിയപ്പെടുന്നത്-എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലെമോൻ എന്നിവ.[12] പൗലൊസ് എഫെസൊസിൽ തടവിലായിരുന്നപ്പോഴാണ് ഇതെഴുതിയത് എന്നു പറയുന്നതിന്റെ എല്ലാ വശങ്ങളും ഡൊണാൾഡ് ഗത്രി പരിശോധിച്ചിട്ടും അവബോധ്യം വരാത്ത തെളിവുകളാണെന്ന് വിലയിരുത്തി. അതുകൊണ്ട്, "തടവു

ലേഖനങ്ങൾ" പൗലൊസ് തന്റെ ഒന്നാമത്തെ റോമൻ തടവിനിടയിൽ എഴുതി എന്ന പാരമ്പര്യ കാഴ്ച്ചപ്പാടിൽ അയാളും എത്തി.[13]

കൊലൊസ്യ സഭയിൽ ഒരു ഭിന്നിപ്പ് ഉടലെടുത്തപ്പോൾ, എപ്പഫ്രാസ് റോമിലെക്കു പോകുകയും ഒരു വിഭജനം ഒഴിവാക്കുന്നതിനു പൗലൊസിന്റെ സഹായം തേടുകയും ചെയ്തു (കൊലൊ. 1:7 4:12, 13). അതിനുപുറമെ, പൗലൊസ് ഓടിപ്പോയ അടിമയായിരുന്ന ഒനേസിമോസിനെ കാണുകയും, അവനെ പരിവർത്തനം ചെയ്യുകയും, അവനെ അവന്റെ യജമാനന്റെ അടുക്കലേക്ക് അയക്കേണ്ടത് ആവശ്യമാണെന്ന് വിചാരിച്ച് അവനെ മടക്കി അയക്കുകയും ചെയ്തു.[14] അടിമയുടെ-ഉടമസ്ഥനായ ഫിലെമോനെയും പൗലൊസ് ആയിരിക്കണം പരിവർത്തനം ചെയ്തത് (ഫിലെ. 19), ഒരുപക്ഷെ പൗലൊസിന്റെ എഫെസൊസിലെ മൂന്നു-വർഷത്തെ ശുശ്രൂഷാ സമയത്തായിരിക്കാം.[15] കൊലൊസ്യയിലെ വിഭജനം കൈകാര്യം ചെയ്യുവാനും അടിമയെ തിരിച്ചയക്കുവാനും പൗലൊസ് തീരുമാനിച്ചു. അതുകൊണ്ട്, അവൻ കൊലൊസ്യ, ഫിലെമോൻ എന്നീ ലേഖനങ്ങൾ എഴുതി, തിഹിക്കൊസിന്റെ കയ്യിലും (കൊലൊ. 4:7), ഒരുപക്ഷെ ഒനേസിമോസിന്റെ കയ്യിലും കൊടുത്തയച്ചിരിക്കാം (ഫിലെ. 10–13). തിഹിക്കൊസും ഒനേസിമോസും ആസ്യയിലേക്ക് പോകുകയായിരുന്നതുകൊണ്ട്, എഫെസൊസിലേക്ക് ഒരു ലേഖനം കൊടുത്തയക്കുവാനുള്ള അവസരമായിരുന്നു അത് (എഫെ. 6:21, 22). അവിടെ ഉണ്ടായിരുന്ന സഹോദരന്മാർ ദൈവത്തെ കുറിച്ച് അറിഞ്ഞിരുന്നതിനേക്കാളധികം വിവരങ്ങൾ ആ ലേഖനത്തിൽ വിവരിച്ചിരുന്നു. ആ ലേഖനം, കൊലൊസ്യ, ഫിലെമോൻ, എന്നീ ലേഖനങ്ങൾ എഴുതിയ ഏ. ഡി. 60–61 ലാണ് എഴുതിയത്.[16]

## ഉദ്ദിഷ്ട സ്ഥാനം

### എഫെസോസ് നഗരം

ഒന്നാം നൂറ്റാണ്ടിലെ ലോക പ്രസിദ്ധ നഗരമായിരുന്നു എഫെസൊസ്. ഒന്നാമത്, അതിന് *വ്യാവസായിക പ്രാധാന്യമു*ണ്ടായിരുന്നു കാരണം, അവിടെ കെയിസ്റ്റർ നദി താഴ്വരയും മനോഹരമായ ഒരു തുറമുഖവുമുണ്ടായിരുന്നു. നദികളും കടലും വ്യാപാരപുരോഗതിക്ക് സഹായകരമായിരുന്നു. അതിനു പുറമെ, അവിടെ യോജിക്കുന്ന മൂന്നു ഹൈവേകളും എഫെസൊസിന്റെ പ്രത്യേകതയായിരുന്നു, അത് യൂഫ്രെട്ടിസ്, ആസ്യാ ഭൂഖണ്ഡം, മെന്റർ താഴ്വര എന്നിവിടങ്ങളിലേക്ക് പോക്ക് വരവ് സാധ്യമാക്കിയിരുന്നു.

രണ്ടാമത്, എഫെസൊസ് *രാഷ്ട്രീയമായി പ്രാധാന്യമുള്ള* സ്ഥലമായിരുന്നു കാരണം അത് റോം അനുവദിച്ച സ്വയം-ഭരണാവകാശം ആസ്വദിച്ചിരുന്നു. റോമൻ പടയാളികളിൽ നാലിലൊന്നിന്റെ സമ്മർദ്ദത്തിൻ കീഴിലാകാതെ അവരുടെ ഗവൺമെന്റ് അധികാരികളെ അവർ തന്നെ തിരഞ്ഞെടുത്തിരുന്നു. അതേ സമയത്ത്, റോമൻ നീതി നടപ്പാക്കിയ കേന്ദ്രമായിരുന്നു എഫെസൊസ്; വർഷത്തിൽ ചിലപ്പോൾ, നാടുവാഴി അവിടെ കോടതി കൂടിയിരുന്നു. കൂടാതെ, ഓരോ മേയ് മാസത്തിലും (മായിയസ്) ഒളിമ്പിക് ഗെയിംസിനു തുല്യമായ പാനിയോനിയൻ ഗെയിംസ് എഫെസൊസിൽ വെച്ചു നടത്തിയിരുന്നു. ഈ അവസരങ്ങളിലെല്ലാം അയോണിയയിലെ ജനമെല്ലാം അവിടെ സന്നിഹിതരായിരുന്നു.

മൂന്നാമത്, *മതപരമായും പ്രാധാന്യമുള്ള* നഗരമായിരുന്നു എഫെസൊസ്.

ഡയാനാ അല്ലെങ്കിൽ അർത്തെമിസ് ദേവിയുടെ ക്ഷേത്രമായിരുന്നു അതിന്റെ മഹത്വം (പ്രവൃ. 19:35 നോക്കുക), ആർക്കെങ്കിലും ഓർമ്മിക്കുവാൻ കഴിയുന്ന തിനപ്പുറമായിരുന്നു അതിന്റെ കാലപ്പഴക്കം. പുരാതന ലോകത്തെ ഏഴ് അത്ഭു തങ്ങളിൽ ഒന്നായിരുന്നു ആ ക്ഷേത്രം. അതിന് 425 അടി നീളവും 220 അടി വീതിയും, 60 അടി ഉയരവുമുണ്ടായിരുന്നു. ക്ഷേത്രത്തിന് 127 മാർബിൾ തൂണുകളുണ്ടായിരുന്നതിൽ, 36 എണ്ണം സ്വർണ്ണവും രത്നവും സങ്കീർണ്ണമായ കൊത്തുപണികൾ ചെയ്തു പതിപ്പിച്ചവയായിരുന്നു. ക്ഷേത്രത്തിനുള്ളിൽ വലി യൊരു യാഗപീഠവും, അതിനു പിന്നിൽ വയലറ്റു നിറമുള്ള തിരശീലകളും ഉണ്ടായിരുന്നു. തിരശീലകൾക്കപ്പുറമായിരുന്നു അർത്തെമിസിന്റെ രൂപം. ആ പ്രതിമയുടെ ഉത്ഭവം ആർക്കുമറിയില്ലായിരുന്നു, പക്ഷെ ചിലർ വിശ്വ സിക്കുന്നത് അത് സ്വർഗത്തിൽനിന്നു വീണതാണെന്നായിരുന്നു. ആ പ്രതിമ ഉണ്ടാക്കിയത്, സൈപ്രസ് മരം, കേദാർ, എബോണി, അല്ലെങ്കിൽ കല്ല്കൊണ്ട് ആയിരുന്നേക്കാം. വില്യം ബാർക്ലേ അതിനെ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

> ... ആ രൂപം കറുത്തതും, പറ്റിച്ചേർന്നതും, നിരസിക്കുന്നതിനെ കാണി ക്കുന്ന ചിത്രമായിരുന്നു. അതിനെ മൂടിയിരുന്നത് സഫലതയുടെ അട യാളമായ നിരവധി സ്തനങ്ങളും, ഒരു കയ്യിൽ ഗദയും മറുകയ്യിൽ ശൂലവുമായിരുന്നു. അത് അസാധാരണവും, സ്നേഹരഹിതവും, അവ ലക്ഷണരൂപവുമായിരുന്നു; അതിന്റെ അടിയിൽ അസാധാരണ ചിഹ്ന ങ്ങളുണ്ടായിരുന്നു, അതിന്റെ അർത്ഥം ആർക്കും അറിയില്ലായിരുന്നു.[17]

ഡയാന ക്ഷേത്രത്തിൽ നടന്ന ആരാധന വാതോന്മാദവും, ഉന്മത്തതയും നിറഞ്ഞതായിരുന്നു. നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിനപ്പുറം ലജ്ജാക രമായ പ്രവൃത്തികളായിരുന്നു അവിടെ നടന്നിരുന്നത്. ആളുകൾ തങ്ങളുടെ വിലയേറിയ വസ്തുക്കൾ സൂക്ഷിച്ചിരുന്നത് ആ ക്ഷേത്രത്തിനുള്ളിലായിരുന്നു, അതുകൊണ്ട്, അത് ഒരു ബാങ്ക് പോലെയായിരുന്നു. ക്രൂരകൃത്യം ചെയ്തിരുന്ന വരുടെ അഭയ സ്ഥാനവുമായിരുന്നു, ആയതിനാൽ എഫെസോസിനെ ദുഷ്ട തക്കും അശുദ്ധിക്കും കുപ്രസിദ്ധമാക്കി. എന്നിരുന്നാലും, അപ്പൊസ്തലനായ പൗലൊസ് പ്രസംഗിച്ച മറ്റു സ്ഥലങ്ങളിൽ ചെലവഴിച്ചതിലുമധികം സമയം ഇവിടെ ചെലവിട്ടിരുന്നു.[18]

**എഫെസൊസിലെ സഭ**

പ്രവൃത്തികൾ 13–20 അനുസരിച്ച്, പൗലൊസ് മൂന്നു മിഷ്ണറി യാത്ര ചെയ്തു, അത് ഓരോന്നും ആരംഭിച്ചത് സുറിയയിലെ അന്ത്യോക്യയിൽനി ന്നായിരുന്നു. ഫ്രാങ്ക് ജെ. ഗുഡ്വിനും[19] ഡൊണാൾഡ് ഗത്രിയും[20] ആ യാത്ര കൾ ഏ. ഡി. 45 ലും 58 ലും ആയിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. പ ൗലൊസിന്റെ എഫെസ്യയിലെ പ്രവർത്തന വിവരണം പ്രവൃത്തികൾ 18–20–ൽ കാണാം, അവൻ അവിടെ എത്തിയത് തന്റെ രണ്ടാം മിഷ്ണറി യാത്രയിലായി രിന്നു എന്നാണ് അവിടെ പറയുന്നത്. അവൻ അവിടെ വളരെ കുറച്ചുനാൾ മാത്രമെ ചെലവിട്ടുള്ളു, പക്ഷെ പുറപ്പെട്ടുപോകുമ്പോൾ വീണ്ടും വരുമെന്ന് പറഞ്ഞിരുന്നു (പ്രവൃ. 18:19–21).

ഏ. ഡി., 50 കളുടെ മദ്ധ്യേയുള്ള അവന്റെ മൂന്നാമത്തെ യാത്രയിൽ, അവൻ അവിടേക്ക് മടങ്ങി പോയി. അപ്പൊല്ലോസ് എഫെസൊസിൽ പ്ര

വർത്തിച്ചതിന്റെ ഫലമായി ചില ശിഷ്യന്മാരെ അവിടെ പൗലൊസ് കണ്ടു. കർത്താവിന്റെ വചനം കൂടുതൽ സ്പഷ്ടമായി അക്വില്ലയും പ്രിസ്കില്ലയും അവരെ പഠിപ്പിക്കുന്നതുവരെ അവർ യോഹന്നാന്റെ സ്നാനത്തെ കുറിച്ചു മാത്രമെ അറിഞ്ഞിരുന്നുള്ളു (പ്രവൃ. 18:24–26).

ക്രിസ്തുവിന്റെ ശുശ്രൂഷക്ക് മുൻപ്, യോഹന്നാൻ വന്ന് പ്രസംഗിക്കയും ആളുകളെ പാപമോചനത്തിനായി സ്നാനപ്പെടുത്തുകയും ചെയ്തിരുന്നു. യെഹൂദ്യാ മരുഭൂമിയിലൊക്കെയും യോഹന്നാൻ "പാപമോചനത്തിനായുള്ള മാനസാന്തര സ്നാനം" പ്രസംഗിച്ചു (മർ. 1:4). ക്രിസ്തുവിന്റെ വരവിന്നായി ആളുകളെ ഒരുക്കുന്നതിനു വേണ്ടിയായിരുന്നു ആ സ്നാനം (യോഹ. 1:19–51). എങ്ങനെയായാലും, ക്രിസ്തുവിന്റെ മരണത്തിനും, ഉയർപ്പിനും, സഭ പ്രവൃത്തികളുടെ പുസ്തകം 2-ൽ ആരംഭിച്ചതിനും ശേഷം പിന്നീട് ആ സ്നാനം പരിശീലിച്ചിട്ടില്ല. അപ്പൊല്ലോസ് യോഹന്നാന്റെ സ്നാനം മാത്രം പഠിപ്പിച്ചിരുന്നതിനാൽ, പ്രവൃത്തികളുടെ പുസ്തകം 19-ൽ പറയുന്ന ക്രിസ്ത്യാനികളായിരുന്നവർ ഏറ്റിരുന്ന യോഹന്നാന്റെ സ്നാനത്തിന് പ്രസക്തിയില്ലായിരുന്നു.

ക്രിസ്തുവിനോടുള്ള ബന്ധം വ്യക്തമാക്കുവാൻ, എഫെസൊസിലെ വിശ്വാസികളോട് പൗലൊസ് ചോദിച്ചു, "നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" (പ്രവൃ. 19:2), അവർ ശരിയായ സ്നാനം ഏറ്റിരുന്നില്ല എന്നു പൗലൊസ് അറിഞ്ഞിരുന്നു. യേശു കൽപിച്ച സ്നാനവും, പെന്തെകൊസ്തിനുശേഷം പരിശീലിച്ചതുമായ സ്നാനം, "യേശുക്രിസ്തുവിന്റെ നാമത്തിലുള്ളതും," വാഗ്ദാനം ചെയ്തിരുന്നത്, "പാപങ്ങളുടെ മോചനവും ... " "പരിശുദ്ധാത്മാവ് എന്ന ദാനവും" ആയിരുന്നു (പ്രവൃ. 2:38). അതുകൊണ്ട് അവരെ "യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിക്കുവാൻ കൽപിച്ചു" (പ്രവൃ. 19:5). ശരിയായ സ്നാനത്തിന്റെ ഉദ്ദേശം മനസിലാക്കാതെ സ്നാനം ഏറ്റവർ ശരിയായ കാരണത്തിനു രണ്ടാമത് വെള്ളത്തിൽ അടക്കമൊകുന്ന വചന സ്നാനം ഏൽക്കേണ്ടത് ആവശ്യമാണെന്ന് തെളിയിക്കുന്നതാണ് ഈ മാതൃക. ഈ രീതിയിലായിരുന്നു എഫെസൊസിലെ സഭ ആരംഭിച്ചത്.

പൗലൊസ് യെഹൂദന്മാരുടെയും യവനന്മാരുടെയും ഇടയിൽ ഏകദേശം മൂന്നു വർഷം പ്രവർത്തിച്ചു (പ്രവൃ. 19:8–10; 20:31), അങ്ങനെ "കർത്താവിന്റെ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു" (പ്രവൃ. 19:20). അർത്തെമിസ് മഹാദേവിയെ പ്രതിരോധിക്കുന്നതിനുള്ള ഒരു ലഹള പൊട്ടിപ്പുറപ്പെട്ടതിനാൽ, പൗലൊസ് അവിടെനിന്ന് മക്കെദോന്യയിലേക്ക് പോയി (പ്രവൃ. 20:1); എന്നാൽ ആ മൂന്നു-വർഷ കാലയളവിൽ അവിടെ സഭ ശക്തിപ്പെട്ടിരുന്നു. യെരുശലേമിലേക്കുള്ള അവന്റെ യാത്രയിൽ, പൗലൊസ് മിലേത്തൊസിൽ വെച്ച് എഫെസൊസ് സഭയിലെ മൂപ്പന്മാരെ കാണുകയും, അവരോട് യാത്രാമൊഴി സന്ദേശം നടത്തിയത് പ്രവൃത്തികൾ 20:17–38-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### "എഫെസൊസിൽ" (1:1)

ലേഖനം എഫെസൊസിലേക്ക് അയച്ചതായിരുന്നോ? മൂന്നെണ്ണമൊഴിച്ച് മറ്റെല്ലാ കയ്യെഴുത്തു പ്രതികളിലും "എഫെസൊസിൽ" എന്നാണ് ആരംഭിക്കുന്നത്. കൂടാതെ, എല്ലാ പുരാതന തർജിമകളിലും ഈ പ്രയോഗം ഉൾപ്പെടുത്തിയിരിക്കുന്നു (1:1). "എഫെസ്യർക്കുള്ള ലേഖനം" എന്നാണ് മുറട്ടോറിയൻ കാനോനിലും, തെർതുല്യൻ, ഐറേനിയസ്, ക്ലെമെന്റ് ഓഫ് അലെക്സാണ്ഡ്രിയ, ഒറിജെൻ എന്നിവരും ആ വാക്കുകൾ പറഞ്ഞിരിക്കുന്നതു.[21]

ഈ ലേഖനം എഫെസ്യർക്ക് എഴുതിയതാണെന്ന് പല പ്രാരംഭ എഴുത്തുകാരും പറഞ്ഞിരിക്കുന്നു, "എഫെസൊസിൽ" എന്ന വാക്ക് മൂലഗ്രന്ഥത്തിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇതാണ് അവസ്ഥ.[22] ഇത് ലേഖനം ആദ്യം എഫെസ്യർക്ക് പ്രയോജനപ്പെട്ടിരുന്നു എന്നു ശക്തമായി തെളിയിക്കുന്നതാണ്, പക്ഷെ അതിലും ശക്തമായി നാം പലതും പരിഗണിക്കേണ്ടതായിട്ടുണ്ട്.

ഇത് ആസ്യയിലെ പല സഭകളിലും വിതരണം ചെയ്യേണ്ടിയിരുന്ന ലേഖനം ആയിരുന്നോ? "എഫെസൊസിൽ" എന്നില്ലാത്ത മൂന്നു ഗ്രീക്ക് കയ്യെഴുത്തു പ്രതികൾ, സിനൈറ്റിക്കസ്, വത്തിക്കാനസ്, പി46 മാത്രമാണ്.[23] ആർക്ക് ലേഖനം എഴുതിയോ അവരെ പൗലൊസ് അറിയിച്ച വിവരണം മുലമാണ് അറിഞ്ഞിരുന്നതെന്ന് ചില വ്യാഖ്യാതാക്കൾ 1:15 ഉദ്ധരിച്ചു പറയുന്നു. പൗലൊസ് മൂന്നു വർഷം എഫെസൊസിൽ ചെലവിട്ടിരുന്നതിനാൽ അത് തികച്ചും അസാധാരണമായി തോന്നുന്നു. എങ്ങനെയായാലും, താൻ എഫെസൊസ് വിട്ടുപോകുമ്പോൾ, അവർ അവരുടെ വിശ്വാസ വളർച്ചയും സ്നേഹവും വർദ്ധിപ്പിക്കുവാൻ പറഞ്ഞിരുന്നു. അതിനുപുറമെ, പൗലൊസിന്റെ ബഹുമതിയാലായിരുന്നു എഫെസ്യയിലുള്ളവർ അവനെ അറിഞ്ഞതെന്ന് 3:2 ഉദ്ധരിച്ച് വാദിക്കുന്നു. എങ്ങനെയായാലും, പൗലൊസിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അപ്പൊസ്തലൻ പറയുന്നത് അവർ കേട്ടിരിക്കാം. പൗലൊസിനു ലഭിച്ച വെളിപ്പാട് ദൈവത്തിൽനിന്നായിരുന്നോ അല്ലയോ എന്ന് എഫെസ്യയിലുള്ളവർ വിധിക്കുവാനായിരുന്നു എഴുതിയതെന്ന് 3:2-4 വ്യാഖ്യാനിച്ചു പറയുന്നു. അത് ലേഖനത്തെ തന്നെ പറയുന്നതായിരിക്കാം.

പൗലൊസിനു നന്നായി അറിയാവുന്നവരെ പേരെടുത്തു വന്ദനം ചെയ്യുന്ന പൗലൊസിന്റെ രീതി ഇവിടെ ഇല്ലാത്തത് എഫെസ്യലേഖനം വിതരണം ചെയ്ത ലേഖനമാണെന്ന് തെളിയിക്കുന്നു. കൂടാതെ, 6:23, 24 ലെ ആശിർവാദം പൊലൊസ് മറ്റു ലേഖനങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന രണ്ടാം-വ്യക്തിക്കു പകരം, പൊതുവിൽ മൂന്നാം വ്യക്തിയായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

തെളിവ് പരിഗണിച്ച ശേഷം, ഈ ലേഖനം പ്രത്യേകമായി എഫെസൊസിലെ ക്രിസ്ത്യാനികൾക്ക് എഴുതിയതാണെന്ന് നാം എങ്ങനെ പ്രാരംഭ രേഖകളിലെല്ലാം കാണുന്നു എന്ന് "എഫെസൊസിൽ" എന്ന വാക്കുകൾ വിശദമാക്കും? ഹെൻറി ക്ലാരെൻസ് തിയസെൻ,[24] ഡൊണാൾഡ് ഗത്രി,[25] തുടങ്ങിയവർ താഴെ കൊടുത്തിരിക്കുന്ന സാധ്യതകൾ നൽകിയിരിക്കുന്നു:

(1) "ആസ്യാ ഭൂഖണ്ഡത്തിലെല്ലാം വിതരണം ചെയ്യുവാനായി പൗലൊസ് ലേഖനം എഴുതിയിട്ട്, 'ലുള്ളവർക്ക്' എന്ന് എഴുതി അവസാനം പൂരിപ്പിക്കാതെ വിട്ടിരിക്കുന്നു (1:1), കൊടുക്കേണ്ട സഭയുടെ പേർ നിർദ്ദേശിക്കുകയോ, മൂല കയ്യെഴുത്തു പ്രതിയുടെ പകർപ്പിൽ എഴുതി ചേർത്തത് പൂരിപ്പിക്കുകയോ ചെയ്തിരിക്കാം." ഈ സിദ്ധാന്തമനുസരിച്ച്, എഫെസൊസിലുണ്ടായിരുന്ന കയ്യെഴുത്തുപ്രതികളുടെ നിരവധി പകർപ്പുകളെഴുതിയിരുന്നു. അത് വിതരണം ചെയ്തിരുന്നത് എഫെസൊസിൽനിന്നായിരുന്നതുകൊണ്ട്, അതിനെ എഫെസ്യലേഖനം എന്ന് അറിയപ്പെട്ടിരിക്കും. "എഫെസൊസിൽ" എന്ന വാക്കുകൾ സിനായിറ്റിക്കസിലും വത്തിക്കാനസിലും (പ്രാരംഭ പുസ്തകത്തെ പ്രതിനിധാനം ചെയ്തിരുന്നത്) കാണുന്നില്ല. പിന്നീടുള്ള തർജിമകളിൽ അത് കൂട്ടിച്ചേർത്തതാകാം.

(2) "ലേഖനം ലവൊദിക്യയിലേക്ക് അയച്ചു." കൊലൊ. 4:16-ൽ പൗലൊസ് ലവൊദിക്യർക്ക് എന്നു പറയുന്നതിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കാം

ഈ സിദ്ധാന്തം ഉടലെടുത്തത്. ആ ലേഖനത്തെ കുറിച്ച് കൂടുതലായി നമുക്ക് ഒന്നും അറിയുകയില്ല. മാർഷൻ എഫെസ്യലേഖനത്തെ "ലവൊദിക്യർക്കുള്ള ലേഖനം എന്നാണ് വിളിച്ചിരിക്കുന്നത്."[26] എങ്ങനെയായാലും, "എഫെസൊസിനോടുകൂടെ" "ലവൊദിക്യയും" എന്നാക്കുന്നതിനു കയ്യെഴുത്തുപ്രതികൾ തെളിവ് നൽകുന്നു.

(3) "ലേഖനം എല്ലായിടങ്ങളിലുമുള്ള സഭയെ ഉദ്ദേശിച്ചായിരുന്നു." അതു പുതിയനിയമത്തിലെ എല്ലാ ലേഖനങ്ങളും ആ ഉദ്ദേശത്തിൽ തന്നെ ആയിരുന്നു, ഇന്നത്തെ സഭകളെയും ഉദ്ദേശിച്ചാണ് എന്ന കാര്യത്തിൽ സംശയമില്ല.

"എഫെസൊസിൽ" എന്ന വാക്ക് സിനായിറ്റിക്കസിലും, വത്തിക്കാനസിലും കാണുന്നില്ല എന്നതും ലവൊദിക്യ ഉദ്ദേശിച്ചുള്ളതാണെന്ന് പറയുന്നതും, മറ്റു പുരാതന കയ്യെഴുത്തുപ്രതികളിലുള്ള "എഫെസൊസിൽ" എന്നത് അസാധുവാക്കുന്നില്ല എന്നതായിരുന്നു മാർഷന്റെ വിശ്വാസം. ലേഖനം എഫെസൊസിലെ സഭയ്ക്കുള്ളത് എന്നാണ് പ്രാരംഭ എഴുത്തുകൾ സൂചിപ്പിക്കുന്നത്. ലേഖനം എഫെസ്യ സഭയ്ക്ക് അയച്ചതാണെന്നും, അതിലെ സന്ദേശംഎല്ലാ സ്ഥലങ്ങളിലും എല്ലാക്കാലത്തുമുള്ള സഭയ്ക്കുള്ളതാണെന്ന് നമുക്ക് തീർച്ചയാക്കാം.

### ഉദ്ദേശം

സഭയിലും ക്രിസ്തുയേശുവിലുമുള്ള ദൈവത്തിന്റെ നിത്യമായ ഉദ്ദേശം വ്യക്തമാക്കുവാനാണ് എഫെസ്യർക്ക് പൗലൊസ് ലേഖനമെഴുതുന്നത്. പുസ്തകത്തിലെ മുഖ്യ വാക്യങ്ങളിൽ 1:9, 10 ഉൾപ്പെട്ടിരിക്കുന്നു. ക്രിസ്തു മൂലം സ്വർഗത്തെയും ഭൂമിയേയും ഒന്നിച്ചാക്കുക എന്ന ദൈവേഷ്ടം ആണ് അവന്റെ ഉദ്ദേശമായി പൗലൊസ് പറയുന്നത്. ക്രിസ്തുവിൽ നമുക്ക് ആത്മിയമായ അനുഗ്രഹങ്ങളുണ്ടെന്നതാണ് പൗലൊസിന്റെ പോയിന്റ് (1:3-14) ആ നേട്ടങ്ങൾ കൂടുതലായി മനസിലാക്കുവാൻ അവൻ പ്രാർത്ഥിക്കുകയും ചെയ്തു (1:15-23). കൂടാതെ, ക്രിസ്തു മൂലം, ദൈവം ക്രിസ്തുവിൽ പ്രവർത്തിച്ച് യെഹൂദന്മാർക്കും ജാതികൾക്കും പരസ്പരം ഒരു പുതിയ ബന്ധം ഉടലെടുത്തതായും അവൻ പറയുന്നു (2:1-22). ക്രിസ്തുവിന്റെ ശരീരത്തിലേക്ക് യെഹൂദന്മാരെയും ജാതികളെയും ഒന്നിപ്പിക്കുന്നത് തനിക്ക് ലഭിച്ച വെളിപ്പാടിൽകൂടെയും സുവിശേഷത്തിൽകൂടെയും ആണെന്നു പൗലൊസ് വ്യക്തമാക്കി (3:1-9). ദൈവം തന്റെ പദ്ധതി അറിയിക്കുവാനുള്ള ഒരു ഉപകരണമായി വെച്ചിരിക്കുന്നത് സഭയാണെന്ന് അവൻ സംസാരിക്കുകയും, (3:10-13), സഭ അത് നിറവേറ്റുവാനായി അവൻ പ്രാർത്ഥിക്കുകയും ചെയ്തു (3:14-21).

ലേഖനത്തിന്റെ രണ്ടാം പാദത്തിൽ-ആദ്യ പകുതിയിൽ പറഞ്ഞതിന്റെ പ്രായോഗികത വരുത്തുകയാണ്-ക്രിസ്തുവിലുള്ള ദൈവത്തിന്റെ ഉദ്ദേശം, അതിനാൽ സഭ പത്ഥ്യോപദേശത്തിൽ യോജിച്ചു നിൽക്കണമെന്നും (4:1-6). സഭയെ ക്രിസ്തു എങ്ങനെ അതിനു പ്രാപ്തമാക്കുന്നു എന്നും പറഞ്ഞു (4:7-16) പുതിയ ജീവിതത്തിനായി പഴയ ജീവിതത്തെ ഉപേക്ഷിക്കേണ്ട ആവശ്യകതയും വ്യക്തമാക്കി (4:17-5:21). ഭാര്യാ ഭർത്താക്കന്മാരും, മാതാപിതാക്കളും മക്കളും, ദാസന്മാരും യജമാനന്മാരും പാലിക്കേണ്ട തത്വങ്ങളും അവൻ നിരത്തിയിരിക്കുന്നു (5:22-6:9). പിന്നീട് ദൈവത്തിന്റെ ആയുധവർഗം ധരിച്ച് ക്രിസ്തുവിന്റെ ശക്തിയാൽ പിശാചിനോട് എതിർത്തുനിൽക്കുന്നത് എങ്ങനെ എന്നു കാണിച്ചിരിക്കുന്നു (6:10-20). അവസാനം അവൻ തിഹിക്കൊസിന്റെ

പ്രവർത്തനത്തെ കുറിച്ചു പറയുകയും (6:21, 22) തന്റെ ആശീർവാദം നൽകുകയും ചെയ്തു (6:23, 24).

### വിഷയങ്ങൾ

എഫെസ്യ ലേഖനം പഠിക്കുന്ന വിദ്യാർത്ഥി നേരിട്ട് പുസ്തകത്തിലേക്ക് കടക്കുന്നതിനു മുൻപ് അതിൽ അപ്പൊസ്തലൻ പ്രതിപാദിക്കുന്ന വിവിധ വിഷയങ്ങൾ വികസിപ്പിച്ചിരിക്കുന്നത് നോക്കുന്നത് നന്നായിരിക്കും:

"*സ്വർഗത്തിൽ.*" എഫെസ്യ ലേഖനത്തിൽ "സ്വർഗത്തിൽ" എന്ന വാക്ക് അഞ്ചു പ്രാവശ്യം കാണാം (1:3, 20; 2:6; 3:10; 6:12). അത് തർജിമ ചെയ്തിരിക്കുന്നത് ഏക ഗ്രീക്ക് വാക്ക് (*എപൗരാനിയോയിസ്*), അതിന്റെ അക്ഷരികമായ അർത്ഥം "സ്വർഗം" എന്നാണ്.[27] ക്രിസ്തുവിലുള്ള സകല ആത്മിയ അനുഗ്രഹങ്ങളും "സ്വർഗത്തിൽ" ആണുള്ളത് (1:3), അവിടെ ക്രിസ്തുവിനെ ഉയർത്തി പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തുകയും, സഭയുടെ തലയാക്കി വെക്കുകയും ചെയ്തിരിക്കുന്നു (1:20, 21). അവിടെ ക്രിസ്തുവിലായവരെ ഉയർത്തി ക്രിസ്തുവിനോടുകൂടെ ഇരുത്തിയിരിക്കുന്നു (2:6), അവിടെ സഭ മുഖാന്തരം ദൈവ പദ്ധതി അറിയപ്പെടുന്നു (3:10), അവിടെ സഭ ശത്രുക്കളെ അഭിമുഖീകരിക്കുകയും ചെയ്യുന്നു (6:12). അതുകൊണ്ട്, സഭ പുനരുത്ഥാനത്തിനും ക്രിസ്തുവിന്റെ രണ്ടാം വരവിനും ഇടക്ക് നിലനിൽക്കുന്നു-അതായത് സംഭവിച്ചു കഴിഞ്ഞതിനും ഇനി സംഭവിക്കുവാനിരിക്കുന്നതിനും ഇടക്ക്. സഭ ലോകത്തിലാണുള്ളത്, അത് ലോകത്തെ സ്വാധീനിക്കുന്നു, പക്ഷെ സജീവമായിരിക്കുന്നത് "സ്വർഗത്തിലെ" ആത്മിയ പ്രതലത്തിലാണ്. സഭ ലോകത്തിന്ന് സുവിശേഷത്തെ അവതരിപ്പിക്കുകയും, ലോകത്തെ മാറ്റുവാൻ ശ്രമിക്കുകയും, അത് ലോകത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. സുവിശേഷം ലോകത്തിന്റേതല്ല, എന്നാൽ അത് അധിക കാലം നിലനിൽക്കുന്നതാണ്.

"*ക്രിസ്തു.*" ക്രിസ്ത്യാനി ജീവിക്കുന്നത് ക്രിസ്തു എന്ന കേന്ദ്രബിന്ദുവിലാണ്. "ക്രിസ്തുവിൽ" അല്ലെങ്കിൽ അതിനു തുല്ല്യമായ പ്രയോഗം, എഫെസ്യ ലേഖനത്തിൽ ഇരുപത്തി-മൂന്നു പ്രാവശ്യം കാണാം. വിശ്വസ്തരായവർ ജീവിക്കുന്നത് ക്രിസ്തുവിലാണെന്നും, അവർ സകല ആത്മിയ അനുഗ്രഹങ്ങൾ അനുഭവിക്കുകയും ചെയ്യും എന്നു പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു. ആ അനുഗ്രഹങ്ങളിൽ, തിരഞ്ഞെടുപ്പ് സ്വീകരിക്കുന്നതും, വീണ്ടെടുപ്പ്, പാപമോചനം, ദൈവത്തോട് ഒന്നിക്കുന്നത് എന്നിവ ഉൾപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ നമ്മെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ട്, ദൈവത്തിന്റെ അവകാശികളാക്കി മാറ്റുന്നു. ക്രിസ്തുവിലുള്ളവർ ദൈവത്തിന്റെ അടുക്കൽ വന്നു ക്രിസ്തുവിനോടുകൂടെ ഇരുന്ന്, ദൈവത്തിന്റെ പുതിയ സൃഷ്ടികളായി ക്രിസ്ത്യാനികളോട് നിരന്ന്, ദൈവത്തിന്റെ ഗൃഹ നിർമ്മാണത്തിനായി ദൈവം നമ്മെ ശക്തീകരിക്കുന്നു. അതിനു പുറമെ, ക്രിസ്തുവിനെ സഭയുടെ തലയായും, ശരീരത്തിന്റെ രക്ഷിതാവായും വെച്ചിരിക്കുന്നു. അവൻ ദൈവ പദ്ധതിയുടെ കേന്ദ്രവും ദൈവത്തിന്റെ മന്ദിരമായ സഭയുടെ മൂലക്കല്ലുമാണ്. അവൻ മരിച്ച് ഉയർത്തെഴുന്നേറ്റ്, തേജസ്ക്കരിക്കപ്പെട്ട കർത്താവായി തന്റെ പ്രവൃത്തി ചെയ്യുവാൻ സഭയെ പ്രാപ്തമാക്കി. തന്റെ സഭയെന്ന മണവാട്ടിയുടെ മണവാളനാണ് ക്രിസ്തു. അവൻ മുഖാന്തരമാണ് നാം ദൈവത്തെ മഹത്വപ്പെടുത്തുന്നത്. നമ്മുടെ സ്നേഹത്തിനുള്ള ശരിയായ മാതൃക ക്രിസ്തുവാണെന്ന് കാണിച്ചുകൊണ്ടാണ് പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത്.

“*സഭ.*” ക്രിസ്തു തലയായും, “അവന്റെ സർവ്വനിറവുമുള്ള” ക്രിസ്തു തലയായുള്ള “അവന്റെ ശരീരമാണ്” സഭ എന്ന നിലയിലാണ് എഫെസ്യ ലേഖനം സഭയെ അവതരിപ്പിച്ചിരിക്കുന്നത് (1:22, 23). സഭ എന്നത് “ദൈവത്തിന്റെ ഭവനമാണ്” (2:19), പരിശുദ്ധാത്മാവ് “വസിക്കുന്നതുമാണ്” (2:20–22), ക്രിസ്തുവിന്റെ മണവാട്ടിയുമാണ് (5:23–33). (കൂടാതെ 3:10, 21 നോക്കുക.) ആ വാക്കുകളെല്ലാം ദുര-വ്യാപകമായ അർത്ഥമാണ് അന്തർലീനമാക്കുന്നത്. ഈ പഠനം പുരോഗമിക്കുമ്പോൾ, അവയെല്ലാം പുറത്തു വരും.

“*രക്ഷ.*” ക്രിസ്തുവിന്റെ രക്തം മുഖാന്തരമുള്ള വീണ്ടെടുപ്പും പാപമോചനവും മനുഷ്യരെ പാപത്തിൽനിന്നു രക്ഷിക്കുന്നതിൽ അവതരിപ്പിച്ചിരിക്കുന്നു (1:7). കൂടാതെ രക്ഷ ദൈവത്തിന്റെ കരുണയാലും കൃപയാലും, സ്നേഹത്താലുമാണ് ലഭിക്കുന്നത് (2:1–7). ഒരു വ്യക്തിക്ക് വിശ്വാസം മൂലം ദൈവത്തിൽനിന്നു ലഭിക്കുന്ന ദാനമാണ് രക്ഷ (2:8–10). ക്രിസ്തുവിന്റെ മരണത്താൽ മനുഷ്യർക്ക് മനുഷ്യരുമായും ദൈവവുമായും സമാധാനം ലഭിക്കുന്ന രക്ഷയാണ് ലഭ്യമാക്കിയത്. അപ്പോൾ രക്ഷ എന്നു പറയുന്നത് വേർപെട്ട കക്ഷികളെ നിരപ്പിച്ച് ക്രിസ്തുവിന്റെ ശരീരം “ഒരു പുതിയ മനുഷ്യൻ” ആക്കുന്നു (2:15), ഈ രക്ഷ ഒരിക്കൽ മർമ്മമായിരുന്നതും ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നതും, സഭ മുഖാന്തരം അതു ദൈവത്തിന്റെ ഉദ്ദേശം നിറവേറുന്നതുമാകുന്നു (3:1–21).

“*നടപ്പ്.*” ഐക്യതയിൽ നടക്കുന്നതാണ്-ദൈവജനം അന്യോന്യവും ദൈവത്തോടും നിരന്നുകൊള്ളുന്നത്-എന്ന് പൗലൊസ് സഭയെ കാണിച്ചു കൊടുത്തിരിക്കുന്നു (4:1–16). അതിലെ അംഗങ്ങൾ ഇനി അവിശ്വാസികളുടെ നടപ്പ് നടക്കരുത് (4:17–32), എന്നാൽ സ്നേഹത്തിലും (5:1–6), അതായത് വെളിച്ചത്തിന്റെ മക്കളായിട്ട് (5:7–14). ജ്ഞാനത്തിലും നടക്കണം (5:15–6:20). അദ്ധ്യായം 1 മുതൽ 3 വരെ പൗലൊസ് പറഞ്ഞ കാര്യങ്ങൾ പ്രായോഗികമാക്കുന്ന ക്രിസ്തീയ നടപ്പാണ് അദ്ധ്യായം 4 മുതൽ 6 വരെ വിവരിക്കുന്നത്. സഭ എങ്ങനെയാണ് പെരുമാറേണ്ടതെന്ന് അത് ഊന്നി പറഞ്ഞു, സാത്താന്റെ വലയത്തിലായിരിക്കുന്ന ഇരുണ്ട ലോകത്തിൽ ദൈവത്തിന്റെ പ്രകാശം പരത്തുന്നു.

## ബാഹ്യരൂപരേഖ

I. അഭിവാദ്യം: വിശ്വസ്ത വിശുദ്ധന്മാർക്കുള്ള ഒരുലേഖനം (1:1, 2)

II. മഹത്വകരമായ സഭയുടെ ഉദ്ദേശം (1:3–3:21)

- ഏ. സകല ആത്മിയമായ അനുഗ്രഹങ്ങളും സഭയുടെ ഉദ്ദേശവും (1:3–14)
- ബി. സഭയുടെ ഉദ്ദേശം ആഴത്തിൽ ഗുണഭോക്താവ് മനസിലാക്കുവാനായിരുന്നു പൗലൊസിന്റെ പ്രാർത്ഥന (1:15–23)
- സി. സഭയുടെ ഉദ്ദേശത്തിനു പുറത്തു ജീവിക്കുന്നവരെ വിശദമാക്കൽ (2:1–3)
- ഡി. രക്ഷയുടെ ദൈവത്തിന്റെ നിത്യമായ ഉദ്ദേശം (2:4–10)
- ഈ. ക്രിസ്തുവിന്റെ രക്തത്താലുള്ള നിരപ്പ് (2:11–13)
- എഫ്. അവന്റെ ശരീരത്തിൽ സമാധാനത്തിന് സാധ്യതയുണ്ട് (2:14–22)
- ജി. ജാതികളോടുള്ള പൗലൊസിന്റെ വ്യക്തിപരമായ ശുശ്രൂഷ (3:1–7)
- എച്ച്. ദൈവ ജ്ഞാനം വെളിപ്പെട്ടു (3:8–13)
- ഐ. പ്രാർത്ഥനക്കുള്ള ശക്തി, മനസിലാക്കലും നിറവും (3:14–21)

III. മഹത്വകരമായ സഭയുടെ പരിശീലനം (4:1-6:20)
  - ഏ. "ഐക്യത കാത്തുകൊണ്ട് വിളിച്ച വിളിയിൽ നടക്കുക" (4:1-3)
  - ബി. ഏഴ് ഐക്യത സൂക്ഷിക്കുക (4:4-6)
  - സി. സഭയ്ക്കായുള്ള ക്രിസ്തുവിന്റെ ദാനങ്ങളെ മനസിലാക്കൽ (4:7-16)
  - ഡി. ആത്മാവിൽ മനസ് പുതുക്കൽ (4:17-32)
  - ഈ. "ക്രിസ്തുവിന്റെ മാതൃക പിൻപറ്റി സ്നേഹത്തിൽ നടക്കൽ" (5:1-6)
  - എഫ്. "വെളിച്ചത്തിന്റെ മക്കൾ ആയി നടക്കൽ" (5:7-14)
  - ജി. "ജ്ഞാനത്തിൽ നടക്കൽ" (5:15-6:20)

IV. ആശിർവാദം: സമാധാനത്തിന്റേയും ആശ്വാസത്തിന്റേയും അനുഗ്രഹം (6:21-24)

## പ്രായോഗികത

### ദൈവത്തിന്റെ മർമ്മങ്ങൾ

ലോകസ്ഥാപനത്തിനു മുൻപ്, മനുഷ്യരെ സൃഷ്ടിക്കുവാൻ ദൈവം ആലോചിച്ചിരുന്നു. ഏദെൻ തോട്ടത്തിൽ വെച്ച് മനുഷ്യർ മൽസരിക്കുമെന്നും തങ്ങളുടെ സ്ഥാനം നഷ്ടമാക്കുമെന്നും ദൈവം തന്റെ അപാരമായ ജ്ഞാനത്താൽ മുന്നറിഞ്ഞിരുന്നു. അതുകൊണ്ട്, മനുഷ്യന്റെ മൽസരത്തിൽനിന്ന് അവനെ വീണ്ടെടുക്കുവാനുള്ള ഒരു പദ്ധതിയും അവൻ മുന്നൊരുക്കിയിരുന്നു.

മനുഷ്യന്റെ വീഴ്ച്ചയും തുടർന്നുള്ള വീണ്ടെടുപ്പു പദ്ധതിയും ദൂതസംഘത്തിൽനിന്നും ദൈവം മറച്ചുവെച്ചിരുന്നു. ദൈവപദ്ധതി തുറന്നു കാണിച്ചപ്പോൾ അവർക്ക് വിസ്മയിക്കുവാനേ കഴിഞ്ഞുള്ളു.

ദൈവം യിസ്രായേൽ ദേശത്തോട് ഒരു ഉടമ്പടി ചെയ്തപ്പോൾ, ദൈവ പ്രവൃത്തികളുടെ യഥാർത്ഥ അർത്ഥം അവരുടെ കണ്ണിൽ മറച്ചിരുന്നു. ക്രിസ്തുവിന്റെ കാലത്ത് പോലും, ദൈവം യിസ്രായേൽ ദേശം മുഖാന്തരം എന്താണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അന്നത്തെ മതാദ്ധ്യക്ഷന്മാർക്ക് മനസിലായിരുന്നില്ല,

ഒരു ദിവസം, അവന്റെ ശിഷ്യന്മാർ അവനോട് ചോദിച്ചു, "എന്തുകൊണ്ടാണ് നീ അവരോട് ഉപമകളിൽ സംസാരിക്കുന്നത്?" അവൻ അവരോട്, "സ്വർഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു; അവർക്കോ ലഭിച്ചിട്ടില്ല." (മത്താ. 13:10, 11). "മർമ്മങ്ങൾ" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് (*മസ്റ്റേറിയോൻ*) എന്നതിൽനിന്നാണ്, അത് അർത്ഥമാക്കുന്നത് ഒരിക്കൽ മർമ്മമായിരുന്നതും ഇപ്പോൾ വെളിപ്പെടുത്തിയതും എന്നാണ്. അപ്പോൾ "മർമ്മം," അപ്പോൾ രഹസ്യമായിരുന്നത് ഇപ്പോൾ പരസ്യമായിരിക്കുന്നതാണ്. നാം വായിക്കുന്നു,

> പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ട്, ഇപ്പോൾ വെളിപ്പെട്ടുവന്നതും, നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകല ജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിനായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെ കുറിച്ചുള്ള

> പ്രസംഗത്തിനും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ; ആമേൻ (റോമർ. 16:25–27).

എന്താണ് ആ മർമ്മങ്ങൾ, "ആ വിശുദ്ധ രഹസ്യങ്ങൾ" ഒരിക്കൽ മറെച്ചുവെച്ചതും പിന്നീട് വെളിപ്പെടുത്തിയതുമാണോ?

(1) *യിസ്രായേലിന്റെ അവിശ്വാസ മർമ്മം.*

> സഹോദരന്മാരേ, നിങ്ങൾ ബുദ്ധിമാന്മാരെന്നു നിങ്ങൾക്ക് തന്നേ തോന്നാതിരിപ്പാൻ ഈ *രഹസ്യം*-അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു-*ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം സംഭവിച്ചിരിക്കുന്നു* (റോമർ. 11:25; എംഫസിസ് ആഡഡ്).

തങ്ങളുടെ മശിഹയെ അവർ തള്ളിക്കളയുമെന്ന് യെഹൂദന്മാർ ഒരിക്കലും വിചാരിച്ചിരുന്നില്ല. അവന്റെ വരവിനായി അവർ ദീർഘകാലമായി കാത്തിരിക്കുകയായിരുന്നു. തന്റെ മകൻ ക്രിസ്തു ആകണമെന്നായിരുന്നു യെഹൂദദന്മാർ വിചാരിച്ചിരുന്നത്. അവസാനം മശിഹയെ അയക്കുമ്പോൾ, യെഹൂദന്മാർ അവനെ തള്ളിക്കളയുമെന്ന് ദൈവത്തിന് അറിയാമായിരുന്നു. അത് ദൈവത്തിന്റെ വിശുദ്ധ രഹസ്യങ്ങളിൽ ഒന്നായിരുന്നു.

(2) *അവതരിച്ച ദൈവത്തിന്റെ മർമ്മം.*

> അവർ *ക്രിസ്തുവെന്ന ദൈവ മർമ്മത്തിന്റെ പരിജ്ഞാനവും വിവേകപൂർണ്ണതയുടെ* സമ്പത്തും പ്രാപിപ്പാൻ തക്കവണ്ണം സ്നേഹത്തിൽ ഏകീഭവിച്ചിട്ട് ഹൃദയങ്ങൾക്ക് ആശ്വാസം ലഭിക്കേണം എന്നു വെച്ച് ഞാൻ എത്ര വലിയ പോരാട്ടം കഴിക്കുന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ ഇഛിക്കുന്നു (കൊലൊ. 2:2; എംഫസിസ് ആഡഡ്; എഫെ. 1:9).

ചുറ്റുപാടുമുള്ള രാജ്യങ്ങൾ തങ്ങളോട് എതിർത്തിരുന്നതിനാൽ, അവരിൽനിന്ന് ഒരു രാഷ്ട്രീയ രക്ഷകന്റെ, സംരക്ഷകന്റെ, അതായത്, ഒരു സൈന്യാധിപന്റെ നേതൃത്വമായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്. ദൈവം ജഡമായി തീർന്നതായിരിക്കും മശിഹ എന്ന് അവർ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല! ലോകത്തിന്ന് അടിസ്ഥാനമിടുന്നതിനു മുൻപ് തന്നെ ദൈവം എല്ലാ പദ്ധതിയും തയ്യാറാക്കിയിരുന്നു; എന്നാൽ അത് യേശുവിന്റെ ഉയർത്തെഴുന്നേൽപ് വരെ മറെച്ചുവെച്ചിരുന്നു. ഇപ്പോൾ അതു തുറന്നു പ്രഖ്യാപിക്കുവാൻ കഴിയുന്നു: മശിഹ എന്നു പറയുന്നത് ദൈവം മനുഷ്യശരീരത്തിലായതല്ലാതെ മറ്റൊരാളല്ല.

(3) *വസിക്കുന്ന ക്രിസ്തുവിന്റെ മർമ്മം.*

> അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്ന മർമ്മം എങ്കിലും, ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു. അവരോട് *ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ* മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി. ആ *മർമ്മം മഹത്വത്തിന്റെ പ്ര*

> *ത്യാശയായ ക്രിസ്തു നിങ്ങളിൽ വസിക്കുന്നു എന്നുള്ളതു തന്നെ* (കൊലൊ. 1:26, 27; എംഫസിസ് ആഡഡ്).

മശിഹ വന്നു യെരുശലേമിൽ ഭൗതികമായി ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുമെന്നു യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നു, എന്നാൽ മശിഹ വന്നു തന്റെ ജനത്തിന്റെ ഹൃദയങ്ങളിൽ വസിച്ച് വാഴുവാനായിരുന്നു ദൈവം എപ്പോഴും ഉദ്ദേശിച്ചിരുന്നത്. ഈ സത്യം ഒരു പ്രവാചകനും ഒരിക്കലും ഇതു മുൻകണ്ടിരുന്നില്ല. ഇത് ദൈവത്തിന്റെ രഹസ്യങ്ങളിൽ മറ്റൊന്നായിരുന്നു; ദൈവമനസിൽ സൂക്ഷിച്ചിരുന്നത് ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു.

(4) *അമർത്യത്തിന്റെ മർമ്മം.*

> ഞാൻ ഒരു *മർമ്മം* നിങ്ങളോട് പറയാം, നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹള നാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നതിനിടയിൽ *നാമെല്ലാവരും രൂപാന്തരപ്പെടും.* കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ *ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കേണം* (1 കൊ. 15:51–53; എംഫസിസ് ആഡഡ്).

ജഡം ദോഷമുള്ളതാണെന്നും മനുഷ്യൻ മരിക്കുമ്പോൾ ആത്മാവ് ശരീരത്തിൽനിന്നു സ്വതന്ത്രമാകുന്നു എന്നുമാണ് ഗ്രീക്കുകാർ വിശ്വസിക്കുന്നത്. തെറ്റായ ആ വിശ്വാസത്തെ പൗലൊസ് തിരുത്തി പറഞ്ഞത്, ദൈവം എല്ലാവർക്കും ഒരു ദിവസം ഓരോ അമർത്യമായ ശരീരം നൽകും എന്നാണ്. ക്രിസ്തുവിന്റെ ശാരീരിക ഉയർപ്പിൽകൂടെ ദൈവം മനുഷ്യന്റെ അമർത്യതയുടെ മർമ്മം വെളിപ്പെടുത്തിയിരിക്കുന്നു.

(5) *ക്രിസ്തുവിന്റെ ശരീരത്തിന്റെ മർമ്മം.*

> ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലൊ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രെ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലൊ ... *ഈ മർമ്മം വലിയത്, ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രെ പറയുന്നത്* (എഫെ. 5:29–32; എംഫസിസ് ആഡഡ്).

നാം ജീവിക്കുമ്പോൾ, നാം പഠിക്കുന്നതായ, ദൈവത്തിന്റെ രഹസ്യങ്ങളിലൊന്ന് സമൂഹത്തിന് നൽകുന്നു, അതിൽ ക്രിസ്തുവിന്റെ ശരീരമാകുന്നതും അവനോടുകൂടെ പ്രവർത്തിച്ച് അവന്റെ ഉദ്ദേശം ലോകത്തിനു നൽകുന്നു.

ക്രിസ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]ജോൺ ബാനിസ്റ്റർ, "മെസേജസ് ഓഫ് ദ ബുക്സ് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്," *ഇൻ ഫോർട്ടുർത്ത് ക്രിസ്ത്യൻ കോളേജ് ലെക്ച്ചേഴ്സ്* (1962); 152. [2]റോമർ മുതൽ ഫിലെമോൻ വരെയുള്ള വന്ദനങ്ങൾ താരതമ്യം ചെയ്യുക. പൗലൊസ് ചിലപ്പോൾ ലേഖന മദ്ധ്യേ തന്നെ കുറിച്ച് വിശദമാക്കിയിട്ടുണ്ട്: നോക്കുക, 2 കൊ. 10:1; ഗലാ.

5:2; കൊലൊ. 1:23; 1 തെസ്സ. 2:18; ഫിലെ. 9. കൂടാതെ ലേഖനത്തിന്റെ അവസാനം പൗലൊസിന്റെ പേർ വരുന്നത് നോക്കുക: 1 കൊ. 16:21; കൊലൊ. 4:18; 2 തെസ്സ. 3:17; ഫിലെ. 19. [3]ഡൊണാൾഡ് ഗത്രി, ന്യുടെസ്റ്റമെന്റ് ഇൻട്രൊഡക്ഷൻ (എൻ.പി.: ടിൻഡേൽ പ്രസ്, 1970; റീപ്രിന്റ്, ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1974), 479–80. [4]ഹെൻറി ക്ലാരെൻസ് തിയസെൻ, *ഇൻട്രൊഡക്ഷൻ ടു ദ ന്യുടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1943), 240. [5]ചാൾസ് സ്മിത്ത് ലൂയിസ്, "എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ്," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1960), 2:959. [6]ഇബിഡ്., 956. [7]ഗത്രി, 480; ഹാരോൾഡ് ഡബ്ലിയു. ഹോണെർ, *എഫെഷ്യൻസ്: ആൻ എക്സജെറ്റിക്കൽ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ അക്കാഡമിക്, 2002), 2–6; ആന്റ് പീറ്റർ ടി. ഓബ്രയൻ, *ദ ലെറ്റർ ടു ദ എഫെഷ്യൻസ്,* ദ പില്ലർ ന്യുടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 4. [8]കൂടുതൽ വിവരങ്ങൾക്ക്, നോക്കുക 1519 മുതൽ 2001 വരെ പൗലൊസിന് അനുകൂലമായും പ്രതികൂലമായും പറഞ്ഞിരിക്കുന്നത് ഹോണേഴ്സ് ചാർട്ട് താരതമ്യം ചെയ്തിരിക്കുന്നത് (ഹോണെർ 9–18). [9]തിയെസെൻ, 240–41. [10]പൗലൊസ് 1 കൊരിന്ത്യർ 16:21 ലേയും കൊലൊ. 4:18 ലേയും അഭിവാദ്യങ്ങളെ കുറിച്ച് "എന്റെ സ്വന്ത കൈകൊണ്ട് എഴുതി" എന്നത് സൂചിപ്പിക്കുന്നത് ആ രണ്ട് ലേഖനത്തിന്റെയും മറ്റു ഭാഗങ്ങൾ പറഞ്ഞുകൊടുത്ത് എഴുതി എന്നാണ്.

[11]സ്വീഡെപിഗ്രാഫിക്സ് അർത്ഥമാക്കുന്നത് "വ്യാജ എഴുത്തുകൾ" എന്നാണ്. ആ രേഖകൾ ഊഹിക്കാവുന്ന അറിയ-പ്പെടുന്നവരാണ് അവ എഴുതിയത്. [12]തടവു ലേഖനങ്ങൾ എഴുതിയ തടവുകളുടെ മറ്റു സാധ്യതകളും പറയപ്പെടുന്നു, പൗലൊസ് എഫെസൊസിൽ ആയിരുന്നപ്പോഴായിരിക്കാം മറ്റു രണ്ടു തടവുകൾ (ഏ. ഡി. 55; പ്രവൃ. 20:17, 31) അല്ലെങ്കിൽ കൈസര്യയിൽ (ഏ. ഡി. 58; പ്രവൃ. 24:27). റോമൻ തടവുകളുടെ കൂടുതൽ വിവരങ്ങൾക്ക് നോക്കുക, പീറ്റർ ടി. ഓ ബ്രൈയൻ, കൊലൊഷ്യൻസ്, ഫിലെമോൻ, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 44 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1982), എക്സ്ലിക്സ്-ലിവ്; ആന്റ് ഓവെൻ ഡി. ഓൾബ്രൈറ്റ് ആന്റ് ബ്രൂസ് മെക്ലാർടി, കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ, ട്രൂത്ത് ഫോർ ടുഡേ കമെന്ററി (സിയേഴ്സി, ആർക്ക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 2005), 8–9, 494. [13]ഗത്രി, 472–78. [14]ഫിലെമോൻ കൊലൊസ്യയിലായിരുന്നു താമസിച്ചിരുന്നത് എന്നാണ് മിക്ക വ്യാഖ്യാതാക്കളും വിശ്വസിക്കുന്നത്, എന്നാൽ അവന്റെ സ്വദേശം ലവൊദിക്യയായിരുന്നു എന്നൊരു വാദഗതിയുണ്ട്. അങ്ങനെയെങ്കിൽ, പൗലൊസ് കൊലൊസ്യർ 4:16-ൽ പറഞ്ഞ ലവൊദിക്യക്കുള്ള ലേഖനം വിതരണം ചെയ്തത് ഫിലെമോന്റെ ലേഖനം ആയിരിക്കാം (തിയെസെൻ, 236–37.) [15]ഇബിഡ്., 235. [16]ഇബിഡ്., 233. [17]വില്യം ബാർക്ലേ, *ലെറ്റേഴ്സ് ടു ദ സെവെൻ ചർച്ചസ്* (നാഷിലേ, അബിങ്ഡൺ പ്രസ്, 1957), 15. [18]എഫെസൊസിലെ അർത്തെമിസിനെ കുറിച്ച് കൂടുതൽ അറിയുവാൻ, നോക്കുക, റിച്ചാർഡ് ഓസ്റ്റർ, "ദ എഫെഷ്യൻസ് അർത്തെമിസ് ആസ് ആൻ ഒപ്പൊണന്റ് ഓഫ് ഏർലി ക്രിസ്ത്യാനിറ്റി." *ജാഹർബുഖ് ഫർ ആൻലൈക്ക് ആന്റ് ക്രിസ്റ്റെന്റം* 19 (1976): 24–44; ആ രൂപത്തിന്റെ ആചാരത്തെ കുറിച്ച് അറിയുവാൻ, നോക്കുക, ഓസ്റ്റർ, 28. [19]ഫ്രാങ്ക് ജെ. ഗുഡ്വിൻ, *ഏ ഹാർമണി ഓഫ് ദ ലൈഫ് ഓഫ് സെന്റ്. പോൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1951; റീപ്രിന്റ്, ആൻ അർബർ, മൈക്ക്.: കഷിങ് മലോയ്, 1973), 35, 87. [20]ഗത്രി, 65–66.

[21]തിയെസെൻ, 242. [22]ഗത്രി, 509. [23]ആൻഡ്രു ടി. ലിങ്കൺ, *എഫെഷ്യൻസ്,* വേർഡ്

ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 1. [24]തിയെസെൻ 243–44. [25]ഗത്രി, 510–12. [26]തിയെസെൻ, 244; ഗത്രി, 480 [27]എതെൽബർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* (ലണ്ടൻ സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി. റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 365; കൂടാതെ നോക്കുക, വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ്. എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 388.